# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5769 — 29.07.2015 ന് മറുപടിയ്ക്ക്.

## കാട്ടാനകളെ കൊലപ്പെടുത്തിയ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) 22 കാട്ടാനകളെ കൊലപ്പെടുത്തി എന്ന വാർത്ത വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമീപ കാലത്ത് മലയാറ്റൂർ ഡിവിഷനിലെ വനമേഖലകളിൽ നിന്ന് കാട്ടാനകളെ വേട്ടയാടി കൊമ്പ് നീക്കം ചെയ്ത കുറ്റത്തിന് തുണ്ടത്തിൽ റെയിഞ്ചിൽ 2015 മേയ്-ജൂൺ മാസങ്ങളിലായി ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.1/15, കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.2/15 എന്നീ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം പുരോഗമിച്ചു വരികയുമായിരുന്നു. 29.06.2015 ന് മലയാള മനോരമ പത്രത്തിൽ ആനവേട്ടയെ സംബന്ധിച്ച് വാർത്ത വന്നതിനെത്തുടർന്ന്, വനം വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നേരിട്ട് സ്ഥലത്തെത്തി അന്വേഷണം അരംഭിച്ചിട്ടുണ്ട്. അറസ്റ്റിലായ പ്രതിയുമൊത്ത് വനമേഖലയിൽ പല ദിവസങ്ങളായി നടത്തിയ വിശദമായ പരിശോധനയിൽ മൊത്തം 5 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ജൂലൈ 3, 4, 5 തീയതികളിൽ 23 സംഘങ്ങളായി ഏകദേശം 250-ഓളം വനപാലകർ പ്രദേശം മുഴുവൻ പരിശോധിച്ചെങ്കിലും മറ്റു കുറ്റകൃത്യങ്ങളൊന്നും കണ്ടെത്താനായില്ല.<br><br>കേസ്സ് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും തങ്ങളുടെ ഡ്യൂട്ടി യഥാസമയം നിർവ്വഹിക്കുന്നതിലും വീഴ്ച വരുത്തിയ 4 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

ആനവേട്ടയും ആനക്കൊമ്പ് കച്ചവടവുമായി ബന്ധപ്പെട്ട് 22.07.2015 വരെ വിവിധ സ്ഥലങ്ങളിൽ നിന്നും 22 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കേസ്സിലെ മുഖ്യ പ്രതിസ്ഥാനത്തുള്ള ശ്രീ.ഐക്കരമറ്റം വാസു 19.07.2015-ന് മഹാരാഷ്ട്രയിൽ മരിച്ച നിലയിൽ കണ്ടെത്തിയതായി വിവരം ലഭിച്ചയുടൻ വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നാലംഗ സംഘത്തെ അവിടേക്കയച്ചു. മഹാരാഷ്ട്രയിലെ അന്വേഷണം പുരോഗമിച്ചു വരുന്നു. കേസ്സിന് അന്തർ സംസ്ഥാന ബന്ധങ്ങൾ ഉണ്ടെന്ന സംശയമുള്ളതിനാൽ കേസ്സന്വേഷണത്തിന് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ കേസ്സുമായി ബന്ധപ്പെട്ട് നാളിതുവരെ പിടിച്ചെടുത്ത തൊണ്ടി ഉല്പന്നങ്ങളുടേയും വാഹനങ്ങളുടേയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | അളവ് |
|---|---|---|
| 1 | ആനക്കൊമ്പ് | 33 ½ കിലോ |
| 2 | ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കൾ (ഈട്ടിത്തടിയിൽ തീർത്ത പീഠം ഉൾപ്പെടെ) | 17 ½ കിലോ |
| | വാഹനങ്ങൾ | |
| 1 | ഓട്ടോറിക്ഷ | 1 |
| 2 | മാരുതി സെൻ കാർ | 1 |

(ബി) ഇപ്രകാരം മുൻപെങ്ങുമില്ലാത്ത വിധം ആനകൾ വേട്ടയാടപ്പെട്ടുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

(ബി) അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത പ്രതികളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാരണങ്ങൾ വിലയിരുത്തി വരുന്നു.

സെക്ഷൻ ഓഫീസർ